"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഇ.ഡബ്ള്യൂ.3/113/2020/ത.സ്വ.ഭ.വ ത.സ്വ.ഭ.വ (ഇ.ഡബ്ള്യൂ) വകുപ്പ്

തീയതി:

..../04/2020

**സർക്കുലർ**

ലോകമാകമാനം ഭീതി പരത്തിയിട്ടുള്ള കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളുടെയും വകുപ്പുകളുടെ പ്രവർത്തനരീതിയെയും കുറിച്ച് സർക്കാർ വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന വിഭാഗം എന്ന നിലക്ക് തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നുണ്ട്. അവശ്യ സർവീസായി പ്രഖ്യാപിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം കുറേക്കൂടി ഫലപ്രദമായി മേൽ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്ന് സർക്കാർ കാണുന്നു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ കോവിഡ് നിയന്ത്രണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ലോക്ക്ഡൌൺ കാലയളവിലും ചെയ്യേണ്ട പ്രവർത്തികൾ സംബന്ധിച്ച് വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മുഴുവൻ ഉദ്യോഗസ്ഥരും കോവിഡ് നിയന്ത്രണ സംവിധാനത്തിൽ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഔദ്യോഗിക കാര്യങ്ങളിൽ ഏർപ്പെണ്ടേണ്ടതാണ്. നടത്തിയിട്ടുള്ള പ്രവർത്തികളുടെ മൂല്യനിർണയവും ബില്ല് തയ്യാറാക്കലും അനുബന്ധ ജോലികളും മറ്റും സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാനും ബിൽ തുക മാറുന്നതിനാവശ്യമായ നടപടികളും ചെയ്യേണ്ടതാണ്. ഫീൽഡ് ലെവൽ പരിശോധന ആവശ്യമായ കേസുകളിൽ അത്തരം പരിശോധനയും കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഓരോ ജീവനക്കാരന്റെയും ഔദ്യോഗിക പ്രവർത്തനങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും സംബന്ധിച്ച ദൈനംദിന റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതായുണ്ട്. ഇപ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ ജില്ലാതല റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ അധികാരി ഓരോ ദിവസവും ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കേണ്ടതും ഇവയെല്ലാം ഉൾപ്പെടുത്തിയുള്ള സമാഹൃത റിപ്പോർട്ട് എല്ലാ ദിവസവും 5 മണിയ്ക്ക് മുമ്പായി ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

മേൽനിർദ്ദേശങ്ങൾ നിലവിൽ സർക്കാർ അനുശാസിച്ചിട്ടുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിമാത്രം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിനാവശ്യമായ ഭൗതീക സൗകര്യങ്ങൾക്കായി ഓരോ പ്രദേശത്തിന്റെയും സാഹചര്യം അനുസരിച്ച് ബന്ധപ്പെട്ട അധികാരികളുടെ സമ്മതത്തോടെ തുടർ നടപടികൾ സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

To,

ചീഫ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം